# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 18 2019

## ശബരിമല പത്രക്കുറിപ്പ്-1



ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


## സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ മരുന്നുകൾ

ചെങ്കണ്ണ്, ചിക്കൻപോക്സ്, പകർച്ചപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾക്ക് ഫലപ്രദമായ മരുന്നുകൾ സന്നിധാനത്തെ സർക്കാർ ഹോമിയോ ആശുപത്രിയിൽ ലഭ്യമാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. ഈ രോഗലക്ഷണങ്ങളുള്ള ഭക്തജനങ്ങൾ ആശുപത്രിയിലെത്തി ചികിത്സ തേടണം.

വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി പ്രതിദിനം 150 ഓളം തീർത്ഥാടകർ ആശുപത്രിയിലെത്തുന്നു ന്ന് അദ്ദേഹം പറഞ്ഞു. മുട്ടുവേദന, തൊ വേദന, ചുമ, അലർജി തുടങ്ങി തീർത്ഥാടകരിൽ സാധാരണ കാണുന്ന പ്രശ്നങ്ങൾക്കു പുറമേ, നിലവിലുള്ള പഴകിയ രോഗങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. കഫക്കെട്ടും ശ്വാസം മുട്ടലും അനുഭവപ്പെടുന്ന രോഗികൾക്ക് നെബുലൈസേഷൻ സൗകര്യവുമു ്.

(പി.ആർ. ശബരി-189)

## പൂജാദ്രവ്യങ്ങൾ ക്ഷേത്രാങ്കണത്തിൽ വിതറരുത്: മാളികപ്പുറം മേൽശാന്തി

ഭക്തർ അർച്ചനയ്ക്കായി കൊ  ുവരുന്ന മഞ്ഞൾപ്പൊടി, കുരുമുളക്, മാല കൾഎന്നിവ ക്ഷേത്ര മുറ്റത്ത് വിതറുന്നതും പട്ട് ക്ഷേത്രഗോപുരത്തിലേയ്ക്ക് വലിച്ചെറിയുന്നതും തെറ്റാണെന്ന് മാളികപ്പുറം മേൽശാന്തി മാടവന പരമേശ്വരൻ നമ്പൂതിരി പറഞ്ഞു.

പൂജാദ്രവ്യങ്ങൾ ദേവസന്നിധിയിൽ സമർപ്പിക്കാനും പട്ട് ദേവീഗാത്രത്തിൽ ഉടയാടയായി അണിയാക്കാനുമുള്ളതാണ്. ഇവ പാത്രത്തിലോ ഇലയിലോ വച്ച് തിരുനടയിൽ സമർപ്പിക്കണം. ആവശ്യമുള്ളവർക്ക് പ്രസാദമായി പൂജിച്ച് വാങ്ങാം. മാളികപ്പുറത്ത് നടയടയ്ക്കുമ്പോൾ ദേവീ ബിംബം മഞ്ഞളിൽ മൂടും. ഇതിനായി നടയിൽ സമർപ്പിക്കപ്പെട്ടുന്ന മഞ്ഞൾപ്പൊടിയാണ് ഉപയോഗിക്കുക.

പനിനീർ തളിക്കുന്നതും തെറ്റായ രീതിയാണ്. പനിനീർ ഉ  ാക്കുന്നത് ചില രാസപദാർത്ഥങ്ങൾ ഉപയോഗിച്ചാണ്. ഇതാണ് പരിശുദ്ധിക്കായി നാം തളിക്കുന്നത്. പനിനീർ കുപ്പികൾ മിക്കവാറും പ്ലാസ്റ്റിക് കുപ്പികളാണ്. ഉപയോഗശേഷം ഇവ അലക്ഷ്യമായി വലിച്ചെറിയുന്നത് പരിസ്ഥിതിക്കും അന്തരീക്ഷത്തിനും വലിയ ക്ഷതമു ാക്കുന്ന നടപടിയാണ്. ദേവസന്നിധികൾ അനാചാരങ്ങളുടെ പേരിൽ മലിനമാക്കുന്ന ഭക്തരുടെ ഇത്തരം പ്രവൃത്തികൾ ഒഴിവാക്കണമെന്നും  മേൽശാന്തി പറഞ്ഞു.

(പി.ആർ. ശബരി-190)

## അടിയന്തര വൈദ്യസഹായത്തിന് 04735-203232 ൽ വിളിക്കണം

സന്നിധാനത്ത് ഏതെങ്കിലും തീർഥാടകർക്ക് അപകടമോ, ആരോഗ്യപ്രശ്ന ങ്ങളോ നേരിട്ടാൽ ഉടൻ ആംബുലൻസ് സർവീസിന് വിളിക്കാതെ അടിയന്തര വൈദ്യസഹായത്തിന് 04735-203232 ൽ വിളിക്കണമെന്ന് സന്നിധാനം ആർ.എം.ഒ അറിയിച്ചു. എമർജൻസി മെഡിക്കൽ സെന്ററുകളുടെ കൺട്രോൾ റൂം നമ്പരാണിത്. അടിയന്തര സാഹചര്യം എന്താണെന്നും സ്ഥലം, രോഗാവ സ്ഥയിലുള്ള ആളുടെയോ, ആളുകളുടെയോ വിവരം എന്നിവ വ്യക്തമായി അറിയിക്കണം. കൺട്രോൾ റൂമിൽനിന്ന് ഉടൻ എമർജൻസി മെഡിക്കൽ സെന്ററുകളിലേക്ക് വിവരം നൽകുകയും പരിശീലനം നേടിയ നഴ്സുമാരുടെ

സേവനവും ആവശ്യമായ പ്രാഥമിക ചികിൽസയും ഉടൻ ലഭ്യമാക്കും. അതിനുശേഷം ആവശ്യമെങ്കിൽ, എറ്റവും അടുത്തുള്ള അയ്യപ്പസേവാസംഘം പോയിന്റിൽ നിന്ന് സ്ട്രെക്ച്ചർ ലഭ്യമാക്കുകയും ആംബുലൻസ് സർവീസിന് അറിയിപ്പ് നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും. ഇങ്ങനെ ചെയ്യുന്നത് രോഗിയ്ക്ക് അടിയന്തരമായി പ്രാഥമിക ചികിൽസ ലഭ്യമാക്കാനും അപകടസാധ്യത കുറയ്ക്കാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-191)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഡിസംബർ 18

**December 18**

**2019**

*1193 ധനു 2* **ബുധൻ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ദേശീയ പോഷണ ദൗത്യം; സർവേ ആരംഭിച്ചു**

ദേശീയ പോഷണ ദൗത്യത്തിന്റെ ഭാഗമായി അങ്കണവാടികൾ മുഖേന നൽകിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള സർവേ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ആറ് പഞ്ചായത്തുകളിലും അടൂർ നഗരസഭാ പ്രദേശത്തും ആരംഭിച്ചു. അങ്കണവാടിപ്രവർത്തകർ സ്മാർട്ട്ഫോൺ ആപ്ലിക്കേഷനിലാണ് വിവരശേഖരണം നടത്തുന്നത്. കുടുംബങ്ങളുടെ വിവരശേഖരണത്തിനായി വീടുകളിൽ എത്തുന്ന അങ്കണവാടി പ്രവർത്തകർക്ക് ആധാർ ഉൾപ്പെടെയുള്ള വിവിധ രേഖകളുടെ വിവരങ്ങൾ നൽകി സഹകരിക്കണമെന്ന് പറക്കോട് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) അറിയിച്ചു. രാജ്യത്താകമാനം കോമൺ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (സി.എ.എസ്) ഉപയോഗിച്ചാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നത്. അമ്മമാരിലും കുട്ടികളിലുമു ാകുന്ന പോഷണകുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന വിവരശേഖരണം 100 ശതമാനം കൈവരിക്കുന്നതിന് എല്ലാവരുടെയും ഭാഗത്തു നിന്നുള്ള സഹകരണം ഉ ാകണമെന്നും പറക്കോട് സി.ഡി.പി.ഒ അറിയിച്ചു.

(പിഎൻപി 3687/19)

## ശബരിമല ഇന്ന് (19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് (19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: അക്ഷയ കമ്മ്യൂണിറ്റി ഫാർമസി കോന്നി, മുത്തൂറ്റ് മെഡിക്കൽ സെന്റർ പത്തനംതിട്ട, ജൻ ഔഷധി കേന്ദ്ര കോഴഞ്ചേരി, നീതി മെഡിക്കൽസ് അടൂർ, കരുണ കമ്മ്യൂണിറ്റി മെഡിക്കൽസ് പന്തളം, ബിലീവേഴ്സ് ചർച്ച് സിറ്റി ക്ലിനിക്ക് തിരുവല്ല, പ്രകാശ് മെഡിക്കൽസ് റാന്നി, കുര്യൻസ് മെഡിക്കൽസ്, കുമ്പളാംപൊയ്ക.

(പിഎൻപി 3688/19)

## ജില്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗം

ജില്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗം 21 ന് രാവിലെ 11 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

(പിഎൻപി 3689/19)

## വാസ്തു ശാസ്ത്രത്തിൽ ഹ്രസ്വകാല കോഴ്സ്

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ വാസ്തു ശാസ്ത്രത്തിൽ ഹ്രസ്വകാല (നാലുമാസം) കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. അപേക്ഷകൾ പൂരിപ്പിച്ച് നൽകേ അവസാന തീയതി ജനുവരി 10 വരെ നീട്ടി. ആകെ സീറ്റ് : 30, യോഗ്യത : ഐ.ടി.ഐ സിവിൽ ഡ്രാഫ്റ്റ്സ്മാൻ, കെ.ജി.സി.ഇ സിവിൽ എൻജിനീയറിംഗ് , ഐ.ടി.ഐ ആർക്കിടെക്ചറൽ അസിസ്റ്റന്റ്സ്ഷിപ്പ്, ഡിപ്ലോമ ഇൻ സിവിൽ എൻജിനീയറിംഗ് / ആർക്കിടെക്ചർ. പ്രായപരിധി ഇല്ല.

അപേക്ഷാഫോറം 200 രൂപയുടെ മണിയോർഡറോ, പോസ്റ്റൽ ഓർഡർ മുഖാന്തിരമോ ഓഫീസിൽ നിന്ന് നേരിട്ടോ കൈപ്പറ്റാം. അപേക്ഷകൾ www.vastuvidyagurukulam.com എന്ന വെബ് സൈറ്റിൽ കൂടി ഓൺലൈനായി അയയ്ക്കാം. കൂടുതൽ വിവരങ്ങൾക്ക് വാസ്തു വിദ്യാഗുരുകുലവുമായി നേരിട്ട് ബന്ധപ്പെടുക. ഫോൺ : 0468 2319740.

(പിഎൻപി 3690/19)

## സൗജന്യ പരിശീലനം

പത്തനംതിട്ട എസ്.ബി.ഐ യുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 30 ന് ആരംഭിക്കുന്ന സൗജന്യ പേപ്പർ കവർ, ബാഗ്, ക്ലോത്ത് ബാഗ്, സ്ക്രീൻ പ്രിന്റിംഗ് എന്നിവയുടെ നിർമ്മാണ പരിശീലനം ആരംഭിക്കും. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ 0468 2270244, 2270243 നമ്പരിൽ പേര് രജിസ്റ്റർ ചെയ്യണം.

(പിഎൻപി 3691/19)

## കരാർ നിയമനം

കോന്നി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ (സി.എഫ്.ആർ.ഡി) കീഴിലുള്ള ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിലേക്ക് ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിക്കുന്നതിനായി എറണാകുളത്തുള്ള സപ്ലൈകോ ഹെഡ് ഓഫീസിൽ പുതുതായി ആരംഭിക്കുന്ന കളക്ഷൻ സെന്ററിലേക്ക് ഒരു കളക്ഷൻ ഏജന്റിനെ / ബിസിനസ് പ്രൊമോട്ടറെ പ്രതിമാസം 15000 രൂപ വേതനത്തോടൊപ്പം 10 ശതമാനം കമ്മീഷനും ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും. യോഗ്യത : 50 ശതമാനം മാർക്കിൽ കുറയാത്ത ഫുഡ് ടെക്നോളജി / മൈക്രോബയോളജി ബിരുദം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 30. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും www.supplycokerala.com സന്ദർശിക്കുക.

(പിഎൻപി 3692/19)

## ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗമാകാം

സംസ്ഥാന ഫിഷറീസ് വകുപ്പ് ജില്ലയിൽ നടപ്പാക്കിവരുന്ന ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2019 –2020 വർഷം ചേരുവാൻ താല്പര്യമുള്ള അംഗീകൃത മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 18 മുതൽ 60 വയസ് വരെയുള്ള ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ (എഫ്.ഐ.എം.എസ്) രജിസ്റ്റർ ചെയ്തതും മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വമുള്ളവരുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ 2019 മാർച്ച് വരെ തുക അടച്ചതിന്റെ രസീത്, ക്ഷേമനിധി പാസ്ബുക്ക്, റേഷൻകാർഡ്, ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗ ് എടുത്ത പാസ് ബുക്കിന്റെ പകർപ്പ്, മത്സ്യബന്ധന ലൈസൻസ്, കഴിഞ്ഞ 6 മാസത്തിനകം എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോ, ഡിസംബർ മാസം ഗുണഭോക്തൃവിഹിതം 2 ഗഡു (500 രൂപ) എന്നിവ സഹിതം പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സ് ഓഫീസിൽ ഡിസംബർ 26, 27 തീയതികളിൽ രാവിലെ 11 മുതൽ വൈകിട്ട് 4 വരെ നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യണം. ഡിസംബർ 31 വരെയുള്ള തീയതികളിൽ ഗുണഭോക്താക്കൾക്ക് പത്തനംതിട്ട ഫിഷറീസ് ജില്ലാ ഓഫീസിൽ വിഹിതം അടക്കാം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഫിഷറീസ് ഓഫീസുമായി പ്രവൃത്തി ദിവസങ്ങളിൽ 0468 2223134 എന്ന നമ്പരിൽ ബന്ധപ്പെടണം.

(പിഎൻപി 3693/19)

## ത്രിദിന ക്യാമ്പ് സമാപിച്ചു

പത്തനംതിട്ട നെഹ്റു യുവകേന്ദ്ര യുവജനങ്ങൾക്കായി സംഘടിപ്പിച്ച ത്രിദിന ക്യാമ്പ് സമാപിച്ചു. സമാപന സമ്മേളനം അഗാപെ കൗൺസിലിംഗ് സെന്റർ ഡയറക്ടർ ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ സന്ദീപ് കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ക്യാമ്പിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള 40 യുവജനങ്ങൾ പങ്കെടുത്തു. വിവിധ മേഖലകളിലുള്ള പ്രഗൽഭർ ക്ലാസുകൾ നയിച്ചു.

***ഫോട്ടോ:എൻവൈകെ:-***

പത്തനംതിട്ട നെഹ്റു യുവകേന്ദ്ര യുവജനങ്ങൾക്കായി സംഘടിപ്പിച്ച ത്രിദിന ക്യാമ്പ് സമാപനം അഗാപ്പെ കൗൺസിലിംഗ് സെന്റർ ഡയറക്ടർ ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 3694/19)

## ജി.എസ്.ടി റിട്ടേൺ പരിശീലനം

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 21 ന് രാവിലെ 10 മുതൽ തിരുവല്ല ഡയറ്റ് കോൺഫറൻസ് ഹാളിൽ ജി.എസ്.ടി റിട്ടേൺ പരിശീലനം നൽകും. പുതുതായി നിലവിൽ വരുന്ന ജി.എസ്.ടി റിട്ടേണുകളും അനുബന്ധ രേഖകളും ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ വ്യാപാരികൾ, ടാക്സ് പ്രാക്ടീഷണർമാർ എന്നിവർക്ക് പങ്കെടുക്കാം. ഫോൺ : 0469 2601203.

(പിഎൻപി 3695/19)

## ഹിന്ദി ഡിപ്ലോമ : സീറ്റ് ഒഴിവ്

അടൂരിൽ പ്രവർത്തിക്കുന്ന ഭാരത് ഹിന്ദി പ്രചാര കേന്ദ്രം ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു കോഴ്സിന് 50 ശതമാനം മാർക്കുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ : 04734-226028, 8547126028.

(പിഎൻപി 3696/19)

## ന്യൂ ഇന്ത്യാ അഷ്വറൻസ് സേവനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തണം: ആന്റോ ആന്റണി എം.പി

കേന്ദ്ര സർക്കാർ സ്ഥാപനമായ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുടെ സേവനങ്ങളും ആനുകൂല്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം ഉ ാകണമെന്ന് ആന്റോ ആന്റണി എം.പിപറഞ്ഞു. കോഴഞ്ചേരിയിൽ പുതുതായി ആരംഭിച്ച ന്യൂ ഇന്ത്യാ അഷ്വറൻസ് ബ്രാഞ്ചിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ജില്ലയിലു ായ മഹാ പ്രളയത്തിൽ നിരവധി പേർക്ക് യഥാസമയം ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ ന്യൂ ഇന്ത്യാ അഷ്വറൻസിന് സാധിച്ചിട്ടു ്. പുതുതായി ആരംഭിച്ച ന്യൂ ഇന്ത്യാ അഷ്വറൻസ് ബ്രാഞ്ചിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുമെന്നും ആന്റോ ആന്റണി എം.പി പറഞ്ഞു.

മൂന്നരകോടിയിലധികം പ്രീമിയം കൈവരിച്ചതിന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു കൊ ിരുന്ന ന്യൂ ഇന്ത്യാ അഷ്വറൻസ് മൈക്രോ ഓഫീസാണ് ബ്രാഞ്ച് ഓഫീസായി ഉയർത്തിയത്. പ്രീമിയം ഇതേരീതിയിൽ വർധിപ്പിക്കുന്നതിനനുസരിച്ച് റാന്നി, കോന്നി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൈക്രോ ഓഫീസുകളും ബ്രാഞ്ച് ഓഫീസുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി എറണാകുളം ചീഫ് റീജിയണൽ മാനേജർ എസ്. പ്രീത പറഞ്ഞു. ബ്രാഞ്ചിന്റെ ആദ്യ പോളിസി ന്യൂ ഇന്ത്യാ അഷ്വറൻസ്

റീജിയണൽ മാനേജർ ഡോ. ലതാ വാര്യർ, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹന് കൈമാറി. ഡിവിഷണൽ മാനേജർ ബാബു ജോൺ, ഐ.ടി മിഷൻ കോ-ഓർഡിനേറ്റർ ഉഷാകുമാരി, കോഴഞ്ചേരി ബ്രാഞ്ച് മാനേജർ ജഗദീഷ് പ്രഭ, അടൂർ ബ്രാഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ജയചന്ദ്രൻ ഉണ്ണിത്താൻ , വ്യാപാരി അസോസിയേഷൻ പ്രസിഡന്റ് പ്രസാദ് ആനന്ദ ഭവൻ, വിവിധ ബ്രാഞ്ച് മൈക്രോ ഓഫീസ് പ്രതിനിധികൾ , ഏജന്റുമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:എംപി:-*** കോഴഞ്ചേരിയിൽ പുതുതായി ആരംഭിച്ച ന്യൂ ഇന്ത്യാ അഷ്വറൻസ് ബ്രാഞ്ചിന്റെ ഉദ്ഘാടനം ആന്റോ ആന്റണി എം.പി നിർവഹിക്കുന്നു.

(പിഎൻപി 3697/19)

## ഭവന വായ്പ- ഒറ്റതവണ തീർപ്പാക്കൽ പദ്ധതി

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 1997-2007 കാലയളവിൽ ഭവനവായ്പയെടുത്ത തൊഴിലാളി അംഗങ്ങൾക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തുക തിരിച്ചടയ്ക്കാൻ 2020 മാർച്ച് 31 വരെ ഒരവസരം കൂടി നൽകുമന്ന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പ്രളയക്കെടുതി വിലയിരുത്തിയും നിർധനരായ തൊഴിലാളികളുടെ ക്ഷേമം കണക്കാക്കിയുമാണ് പിഴ പലിശ മൊത്തമായും, പലിശയുടെ 50 ശതമാനവും ഒഴിവാക്കി ക്ഷേമബോർഡ് അംഗങ്ങൾക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തുക തിരിച്ചടക്കാൻ അവസരം നൽകുന്നത്.

(പിഎൻപി 3698/19)

## തൊഴിൽ അവസരവുമായി എംപ്ലോയബിലിറ്റി രജിസ്ട്രേഷൻ ക്യാമ്പ്

ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എംപ്ലോയബിലിറ്റി രജിസ്ട്രേഷൻ ക്യാമ്പ് ഡിസംബർ 21 ന് നടത്തും. അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കൊല്ലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും സംയുക്തമായാണ് രജിസ്ട്രേഷൻ ഒരുക്കിയിരിക്കുന്നത്. ക്യാമ്പിന്റെ ഉദ്ഘാടനം കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ. നാസർ നിർവഹിക്കും. രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉദ്യോഗാർഥികൾക്കും ആഴ്ചതോറുമുള്ള ഇന്റർവ്യൂകളിലും തൊഴിൽ മേളകളിലും പങ്കെടുക്കാം. അഭിമുഖങ്ങൾ നേരിടുന്നതിനുള്ള പരിശീലനം, കംപ്യൂട്ടർ പരിജ്ഞാനം, ജോലി ലഭിക്കുന്നതിനാവശ്യമായ ആത്മവിശ്വാസം സ്വായത്തമാക്കുന്നതിൽ ഉദ്യോഗാർഥികളെ സഹായിക്കുകയും അവർക്ക് ജോലി ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ എംപ്ലോയബിലിറ്റി സെന്റർ നടത്തും. താൽപര്യമുള്ള പ്ലസ് ടു കഴിഞ്ഞ 18 നും 35 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർഥികൾ ഡിസംബർ 21 ന് രാവിലെ 10 ന് ആധാർ കാർഡുമായി അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരണം. ഫോൺ : 9995794641, 04742 740615.

(പിഎൻപി 3699/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 18 | |
|---|---|
| December 18 | 2019 |

*1193 ധനു 2* ബുധൻ

# പത്രക്കുറിപ്പ് -3

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

**ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിലൂടെ പുഴകളുടെ വീ ടുപ്പ് സാധ്യമാകും: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിന്റെ ഭാഗമായി മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുത്ത കുളത്തുങ്കൽപടി ചെങ്ങോലിക്കൽപടി തോട് നവീകരണത്തിന്റെ ഉദ്ഘാടനം പൊതിപാടു അയന്തിപടിക്ക് സമീപം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി നിർവഹിച്ചു.

നീർച്ചാൽ പുനരുജീവനത്തോടെ കൃഷി പുനരുജീവനവും മത്സ്യ കൃഷിക്കും സാധ്യതകൾ ഉ ാകുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. നശിച്ചുകൊ ിരിക്കുന്ന പുഴകളും നീർച്ചാലുകളും ഇന്ന് സാധാരണ കാഴ്ച ആണ്. കൂടാതെ പുഴയ്ക്ക് അതിന്റെ സ്വാഭാവിക ഒഴുക്ക് നഷ്ടമായി. ഈ പുഴകളെ വീ ടുക്കാൻ ഹരിത കേരളം മിഷന്റെ ഇനി ഞാൻ ഒഴുകട്ടെ എന്ന ക്യാമ്പയിനിലൂടെ സാധ്യമാകുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

പുഴയെ വീ ുക്കാൻ താമസിക്കുന്നിടത്തോളം മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിനെ അത് ബാധിക്കുമെന്നും ഈ ക്യമ്പയിനിലൂടെ പുഴയെ വീ ുക്കാൻ സാധിക്കുമെന്നും അധ്യക്ഷ പ്രസംഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജയാലാൽ പറഞ്ഞു.

വൈസ് പ്രസിഡന്റും ര ാം വാർഡ് മെമ്പറുമായ സുജാത അനിൽ സ്വാഗത പ്രസംഗം നടത്തി. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആർ രാജേഷ് പദ്ധതി വിശദീകരണം നടത്തി. പരിസ്ഥിതി സംരക്ഷണത്തിന് വേണം ഇനി നമ്മുടെ സർക്കാർ മുൻതൂക്കം നൽകേ തെന്നും വിദ്യാർത്ഥികൾ ആണ് ഭൂമിയുടെ കാവൽക്കാരെന്നും അവർ പുഴ പുനരുജ്ജീവനത്തിനായി മുന്നിട്ടിറങ്ങണമെന്നു അദ്ദേഹം പറഞ്ഞു. യന്ത്രങ്ങൾ ഉപയോഗിച്ച് പുഴ വൃത്തിയാക്കാം എങ്കിലും ജനകീയ പങ്കാളിത്തത്തോടെ ചെയ്യുമ്പോൾ പുഴ നാം ഓരോരുത്തരുടെയും ആണെന്ന് തോന്നൽ എല്ലാവരിലും ഉ ാകുമെന്നും അതുവഴി ഇനിയും മലിനമാകാതെ മുന്നോട്ട് കൊ ുപോകാൻ സാധിക്കും എന്നും ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പറഞ്ഞു. പുഴയുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനം നമ്മുടെ കടമയാണെന്ന് മുഖ്യ പ്രഭാക്ഷണത്തിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എസ്. ഷാജി പറഞ്ഞു.

മൂന്നു കിലോമീറ്റർ നീളം വരുന്ന ഈ തോടു 2, 3 വാർഡുകളിലൂടെയാണ് കടന്നുപോകുന്നത്. പൊതിപാടു ഭാഗം ജനകീയ പങ്കാളിത്തത്തോടെ വൃത്തിയാക്കി. മുന്നൂറോളംപേർ പങ്കെടുത്തു. ഈ ഭാഗങ്ങളിലെ കാടും ചപ്പുചവറുകളും നീക്കം ചെയ്ത് തോടിന് ആഴംകൂട്ടി. വരും ദിവസങ്ങളിൽ തൊഴിലുറപ്പ് പ്രവർത്തകരുടെ സഹായത്തോടെ തനത് തോടിന്റെ ബാക്കി ഭാഗങ്ങളും, മറ്റ് തോടുകളും പുനരുജീവിപ്പിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു. അസി.സെക്രട്ടറി സുമ ഭായി കൃതജ്ഞത അറിയിച്ചു. വികസന സ്ലാൻഡിങ് കമ്മിറ്റീ ചെയർമാൻ ജോർജ്കുട്ടി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശാന്തമ്മ പുളിമൂട്ടിൽ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റീ ചെയർപേഴ്സൺ പ്രമീള കെ ജി, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വൈ പി നവോമി ടി ജെയിംസ്, സിഡിഎസ് ചെയർപേഴ്സൺ ലൗവ്‌ലി പ്രസാദ്, എൻആർഇ ജിഎസ് എ.ഇ അനുജ, ഓവർസിയർ ബെൻസി എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: മലയാഴപ്പുഴ:-*** മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിന്റെ ഭാഗമായി നടത്തിയ കുളത്തുങ്കൽ പടി ചെങ്ങോലിക്കൽ പടി തോട് നവീകരണത്തിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി നിർവഹിക്കുന്നു.

***മലയാഴപ്പുഴ 1:-*** മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിന്റെ ഭാഗമായി കുളത്തുങ്കൽപടി ചെങ്ങോലിക്കൽപടി തോട് നവീകരിക്കുന്നു.

(പിഎൻപി 3700/19)

## വിവിധ തോടുകളുടെ നവീകരണപ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രസിഡന്റുമാർ നിർവഹിച്ചു

'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിന്റെ ഭാഗമായി തുമ്പമൺ ഗ്രാമപഞ്ചായത്തിൽ മാവരതോട് നവീകരണത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സക്കറിയ വർഗീസ്, അരുവാപ്പുലം പുളിഞ്ചാണി തോട് നവീകരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിൽ വർഗീസ് ആന്റണി, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ പതാലിൽ തോട് നവീകരണം പഞ്ചായത്ത് പ്രസിഡന്റ് എം.വി അമ്പിളി എന്നിവർ നിർവഹിച്ചു.

ഇന്ന്(19) ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ മേലേച്ചിറ വലിയതോട് ശുചീകരണം വീണാ ജോർജ് എം‌എൽഎ നിർവഹിക്കും. കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാ ദേവി നീർച്ചാൽ ശുചീകരണ പ്രവർത്തന ഉദ്ഘാടനം ചെയ്യും. കുറ്റൂർ ഗ്രാമപഞ്ചായത്തിൽ അഡ്വ. മാത്യു.ടി.തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഇലന്തൂർ ബ്ലോക്ക് പ്രസിഡന്റ് ജെറി സാം മാത്യുവും ചെറുകോൽ ഗ്രാമപഞ്ചായത്തിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആർ രാജേഷ് ഉദ്ഘാടനം ചെയ്യും. കൂടാതെ മല്ലപ്പള്ളി, അടൂർ നഗരസഭ എന്നിവിടങ്ങളിലും നീർച്ചാൽ പുനരുജ്ജീവന ക്യാമ്പയിൻ നടക്കും

***ഫോട്ടോ അടിക്കുറിപ്പുകൾ: തുമ്പമൺ:-*** തുമ്പമൺ ഗ്രാമപഞ്ചായത്തിലെ മാവരതോട് നവീകരണ പ്രവർത്തനം ആരംഭിച്ചപ്പോൾ.

***അരുവാപ്പുലം:-*** അരുവാപ്പുലം പുളിഞ്ചാണി തോട് നവീകരണ പ്രവർത്തനം ആരംഭിച്ചപ്പോൾ.

***തണ്ണിത്തോട്:-*** തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ പതാലിൽതോട് നവീകരണ പ്രവർത്തനം ആരംഭിച്ചപ്പോൾ.

(പിഎൻപി 3701/19)

## കോന്നി താലൂക്ക് അദാലത്തിൽ 38 പരാതികൾ പരിഹരിച്ചു

കോന്നി താലൂക്ക്തല അദാലത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടു ലഭിച്ച 38 പരാതികൾക്ക് പരാഹാരമായി. മുൻപ് ലഭിച്ചിരുന്ന 43 പരാതികളും അദാലത്തിൽ നേരിട്ട് 14 പരാതികളും ലഭിച്ചു. ഇതിന്മേലുള്ള തുടർനടപടികളും സ്വീകരിക്കും. ആർ.ആർ.ഡെപ്യൂട്ടി കളക്ടർ ആശാ ആർ നായർ അദാലത്ത് ഉദ്ഘാടനം ചെയ്തു. കോന്നി തഹസിൽദാർ സി.ആർ.സോമനാഥൻനായർ അധ്യക്ഷത വഹിച്ചു.

ഫോട്ടോ അടിക്കുറിപ്പ്: കോന്നി അദാലത്ത്:-

കോന്നി താലൂക്ക്തല അദാലത്ത് ആർ.ആർ.ഡെപ്യൂട്ടി കളക്ടർ ആശാ ആർ നായർ ഉദ്ഘാടനം ചെയ്യുന്നു.

***കോന്നി അദാലത്ത് 1 :-***

കോന്നി താലൂക്ക്തല അദാലത്തിൽ ആർ.ആർ.ഡെപ്യൂട്ടി കളക്ടർ ആശാ ആർ നായർ പരാതികൾ പരിശോധിക്കുന്നു.

(പിഎൻപി 3702/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.